(ഇ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താക്കൾക്ക് ആവശ്യമായ ജലവും, ടയറുകളിൽ കാറ്റു നിറയ്ക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സൗകര്യം ലഭ്യമാക്കാത്ത പമ്പുകളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സപ്ലൈകോയുടെ ഉടമസ്ഥതയിൽ നടത്തുന്ന 13 പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് ആവശ്യമായ ജലവും ടയറുകളിൽ കാറ്റു നിറയ്ക്കുന്നതിനുള്ള സൗകര്യവും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

## റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

119(1376) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഓരോ ജില്ലകളിലും എത്ര വീതം റേഷൻ കടകൾ ഉൾപ്പെടുത്തിയിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

റേഷൻകടകൾ വഴി നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി 14-2-2011-ന് ഉദ്ഘാടനം ചെയ്തു. സംസ്ഥാനമൊട്ടാകെ 3000 റേഷൻ കടകളെയാണ് ഈ പദ്ധതിയിൽ ഒന്നാംഘട്ടമായി ഇപ്പോൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിലെ ഓരോ പഞ്ചായത്തിലെയും 2 റേഷൻ കടകൾ വീതം ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

## ബി.പി.എൽ. കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് കേന്ദ്രം ലഭ്യമാക്കുന്ന അരിയുടെ വില

120(1377) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് അരി വിതരണം ചെയ്യാൻ വേണ്ടി കേന്ദ്ര സർക്കാർ അരി ലഭ്യമാക്കുന്നത് കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് ;

(ബി) എത്ര കുടുംബങ്ങൾക്കാണ് സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ അരി നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബി.പി.എൽ. വിഭാഗത്തിന് കിലോയ്ക്ക് 5.65 രൂപ നിരക്കിലാണ് കേന്ദ്രം അരി അനുവദിക്കുന്നത്. ഇത് 6.20 രൂപ നിരക്കിലാണ് വിൽക്കാൻ കഴിയുന്നത്. എ.എ.വൈ. വിഭാഗത്തിന് കിലോഗ്രാമിന് 3.00 രൂപ നിരക്കിലാണ് കേന്ദ്രം അരി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബിപിഎൽ വിഭാഗത്തിൽപ്പെട്ട 14,50,127 കുടുംബങ്ങൾക്കും എഎഎവൈ വിഭാഗത്തിൽപ്പെട്ട 5,92,627 കുടുംബങ്ങൾക്കും ഈ അരി വിതരണം ചെയ്തു വരുന്നു. പ്രസ്തുത നിരക്കിൽ ലഭിക്കുന്ന അരിക്ക് സബ്സിഡി നൽകി കിലോയ്ക്ക് 2.00 രൂപ നിരക്കിലാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്തു വരുന്നത്.

**ഇതരവകുപ്പുകളുമായി ചേർന്ന് വിലക്കയറ്റം തടയാൻ നടപടി**

121(1378) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇതര വകുപ്പുകളുമായി ചേർന്ന് വിലക്കയറ്റം തടയുന്നതിനായി സിവിൽസപ്ലൈസ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മാവേലി സ്റ്റോറ്റുകൾ പുതുതായി ആരംഭിച്ചു; പാലക്കാട് ജില്ലയിലും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലും ആരംഭിച്ചവയുടെ കണക്ക് വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എതെല്ലാം പ്രദേശങ്ങളിൽ ആണ് മാവേലി സ്റ്റോറുകൾ ആരംഭിച്ചത്?

ഉത്തരം

(എ) വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു:

1. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്.

2. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകൾ വഴിയും 12.70 രൂപയ്ക്ക് പുഴുക്കലരിയും പച്ചരിയും വിതരണം ചെയ്തുവരുന്നു.

3. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ടബ്രഹ്മധനപച്ചരി)-ക്ക് കിലോ ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

4. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന 9 മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് ആവശ്യമായ വാഹനങ്ങൾ വാങ്ങിക്കഴിഞ്ഞു. ഇവ ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കും. നിലവിൽ ഇത്തരം 8 മൊബൈൽ മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly